പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
**(2025-2026)**

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2025-2026)

2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd March, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്**

**(2025-2026)**

**FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)**

310/2025.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ, സഹകരണ-ദേവസ്വം വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീ. ആന്റണി ജോൺ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ., സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 19-ാം തീയതി സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധികതുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വി. എൻ. വാസവൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2025, മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

വോട്ട് ചെയ്തത് : 584.2547 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2425-00-003-88-91—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം - പരിശീലനം

ബഡ്ജറ്റ് വിഹിതം - 30 ലക്ഷം രൂപ (പ്ലാൻ)

1) നിയമപരമായ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ആധുനിക ഓഡിറ്റ് ട്രെൻഡുകൾ, പദ്ധതി തയ്യാറാക്കൽ, മൂല്യനിർണ്ണയം, സഹകരണ മാനേജ്മെന്റിലെ ആധുനിക പ്രവണതകൾ എന്നിവ ഉൾപ്പെടെയുള്ള വകുപ്പുതല ഭരണനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർക്ക് ചിട്ടയായ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. 2025-26-ൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവേശന പരിചയ-സേവന പരിശീലനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4425-00-001-96—സഹകരണ വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം - 2.25 കോടി രൂപ (പ്ലാൻ)

2) സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരമായ സഹകരണഭവൻ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിന് 13.5 കോടി രൂപ ആവശ്യമുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ ആകെ 2.25 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി ശീർഷകത്തിൽ മതിയായ തുക ഇല്ലാത്തതിനാൽ ഈ പ്രോജക്റ്റിന് ഇ-അനുമതി ലഭ്യമാകാത്ത സാഹചര്യമുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ സഹകരണ ഭവൻ നിർമ്മാണത്തിനായി 2025-26 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 5548.6851 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി.

ബഡ്ജറ്റ് വിഹിതം - 38.83 ലക്ഷം രൂപ (നോൺ പ്ലാൻ)

3) സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകളുടെ പ്രതിമാസ വാടക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പുതുതായി രൂപീകരിച്ച 14 താലൂക്ക് തല ഇൻസ്പെക്ടറാഫീസുകളുടെ വാടക, ഹൗസിംഗ് ബോർഡ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക, മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക മുതലായവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-21-2—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം - 2.23 ലക്ഷം രൂപ (നോൺ പ്ലാൻ)

4) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി പരിശോധനകൾ നടത്തുന്നതിനായി സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപണികൾക്കും മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക നൽകുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം - 39.9 ലക്ഷം രൂപ (നോൺ പ്ലാൻ)

5) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി നടത്തുന്ന പരിശോധനകൾക്ക് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ച് വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം - 3.68 കോടി രൂപ (പ്ലാൻ)

6) കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ലബോറട്ടറികളുടെയും ഓഫീസുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിപാലനത്തിനും, ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും 1 കോടി രൂപയും, സ്റ്റാംപിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡ്സുകൾ, സ്റ്റാംപിംഗ് പ്ളയറുകൾ മുതലായവ വാങ്ങുന്നതിലേക്ക് 17 ലക്ഷം രൂപ, ഇലക്ട്രോണിക് ബാലൻസുകൾക്ക് സ്പെഷ്യൽ സീലിംഗ് ടാഗുകൾ വാങ്ങുന്നതിലേക്ക് 45 ലക്ഷം രൂപ, വകുപ്പിലെ കാലഹരണപ്പെട്ട വാഹനങ്ങൾ മാറ്റിവാങ്ങുന്നതിലേക്ക് 150 ലക്ഷം രൂപ, ലിക്വിഡ് കൺട്രോൾ പി.ഡി. ഫ്ലോമീറ്റർ കൊണ്ടുപോകുന്നതിനുള്ള നാല് ചക്ര വാഹനത്തിനായി (3 സോണുകൾക്ക് 3 എണ്ണം) 35 ലക്ഷം രൂപ, കോന്നി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ തകരാർ പരിഹരിക്കുന്നതിന് 11 ലക്ഷം രൂപ, ഇ-ഗവേർണൻസ് പ്രോജക്ടുകൾക്കായി 97 ലക്ഷം രൂപ എന്നിങ്ങനെ ആകെ 4.55 കോടി രൂപ ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-90-91—പരിശീലന പരിപാടി - പരിശീലനം

ബഡ്ജറ്റ് വിഹിതം - 5 ലക്ഷം രൂപ (പ്ലാൻ)

7) ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവ വികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഒ.ഐ.എം.എൽ. ശിപാർശയ്ക്കനുസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളായ

നാഷണൽ ഫിസിക്കൽ ലബോറട്ടറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ സ്റ്റാൻഡേർഡൈസേഷൻ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻഷ്യൽ മാനേജ്മെന്റ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്താനും, തൊഴിൽ നൈപുണ്യം, മനോഭാവം, നിർവ്വഹണശേഷി എന്നിവ ഉയർത്തുന്നതിനുമായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-80-04—മറ്റ് ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികൾ - ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം - 4.3043 കോടി രൂപ (പ്ലാൻ)

8) സംസ്ഥാനത്തെ ട്രഷറികളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പദ്ധതിയാണിത്. സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് ഭൂമി ലഭ്യമാക്കി അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, വകുപ്പിന്റെ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, മെച്ചപ്പെടുത്തലുകൾ ആവശ്യമായ കെട്ടിടങ്ങൾ നവീകരിക്കുക, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സാധ്യമാക്കുന്നതിനായി ഇടപാടുകാർക്ക് കുടിവെള്ളം, റാമ്പ്, ആധുനിക ഫർണിച്ചർ, ഫാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും പുറപ്പെടുവിച്ചിട്ടുള്ള ഉടൻ നിർമ്മാണം ആരംഭിക്കുന്ന 18 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ നിർവഹണ ഏജൻസിയുമായി വകുപ്പ് ഏർപ്പെട്ടിട്ടുള്ള നിർമ്മാണ കരാർ പ്രകാരം കരാർ കാലാവധി 9 മാസമാണ്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുക 2025-26 സാമ്പത്തിക വർഷം തന്നെ നൽകേണ്ടതായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

ബഡ്ജറ്റ് വിഹിതം - 92.47 ലക്ഷം രൂപ (പ്ലാൻ)

9) ലീഗൽ മെട്രോളജി വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള ചെലവുകൾ വഹിക്കാനായുള്ള ശീർഷകമാണിത്. കോട്ടയം ജില്ലയിൽ ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണ പൂർത്തീകരണത്തിന് 2.44 കോടി രൂപ, കാസർഗോഡ് ജില്ലയിൽ ഓഫീസ് കെട്ടിട/ലാബോറട്ടറി കോംപ്ലക്സ് നിർമ്മാണ പൂർത്തീകരണത്തിന് 1.5 കോടി രൂപ, കൊല്ലം ലീഗൽ മെട്രോളജി ഓഫീസിൽ റാമ്പുകളുടെ നിർമ്മാണത്തിനും അനുബന്ധ വർക്കുകൾക്കും 3.05 ലക്ഷം രൂപ, കോന്നി ലീഗൽ മെട്രോളജി ഓഫീസിലെ മെയിന്റനൻസ് വർക്കുകൾക്ക് 17.1 ലക്ഷം രൂപ, പട്ടം ലീഗൽ മെട്രോളജി ഭവനിൽ പരിശീലന കേന്ദ്രം സ്ഥാപിക്കൽ, സിവിൽ-ഇലക്ട്രിക്കൽ വർക്കുകൾ മുതലായവക്ക് 80 ലക്ഷം രൂപ എന്നിങ്ങനെ ഈ ശീർഷകത്തിൽ ആകെ 4.94 കോടി രൂപ ആവശ്യമുണ്ട്. <u>അതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

## ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം

വോട്ട് ചെയ്യുന്നത് : 2066.4023 കോടി രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2408-01-101-96-33—<u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം - 606.375 കോടി രൂപ (നോൺ പ്ലാൻ)

10) സംസ്ഥാനത്തെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2025-26 സാമ്പത്തിക വർഷം 6.29 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ 52 രൂപ/kg നിരക്കിൽ 327.08 കോടി രൂപ ചെലവ് വരുന്നതാണ്. ഇതിനു പുറമെ പലിശ ഇനത്തിൽ 60 കോടി രൂപയും, 2024-25 കാലയളവിലെ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ ഉണ്ടായേക്കാവുന്ന അധിക ചെലവിനത്തിൽ 23.5 കോടി രൂപയും പ്രതീക്ഷിക്കുന്നു. കൂടാതെ 2024-25 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക ഇനത്തിൽ 575.49 കോടി രൂപയും ലഭിക്കേണ്ടതുണ്ട്. ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്രോത്സാഹന ബോണസിനത്തിന് മാത്രമെ തികയുകയുള്ളൂ. <u>അതിനാൽ മുൻ വർഷത്തെ കുടിശിക നൽകുന്നതിലേക്കായി 379.7 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2408-01-101-94-03-33—<u>റേഷൻ സബ്സിഡി - റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം - 587 കോടി രൂപ (നോൺ പ്ലാൻ)

11) അന്തർ സംസ്ഥാന റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ അനുബന്ധ ചെലവിനത്തിൽ മൊത്തം 464.65 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 261 കോടി രൂപയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. <u>അതിനാൽ ഈ ശീർഷകത്തിൽ 203.65 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം - 250 കോടി രൂപ (നോൺ പ്ലാൻ)

12) പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ 1635 -ൽ പരം വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ കമ്പോള വില നിയന്ത്രിക്കുന്നതിൽ ഇത് വലിയ പങ്ക് വഹിക്കുന്നു. അവശ്യ സാധനങ്ങൾക്കു പുറമേ മറ്റു ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങൾ (എഫ്.എം.സി.ജി.) എം.ആർ.പി.യെക്കാളും ശരാശരി 10% കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ശരാശരി 15% വരെ ഡിസ്കൗണ്ടിൽ മരുന്നുകൾ വിൽക്കാൻ 88 ചില്ലറ മരുന്ന് വിൽപന ശാലകൾ സംസ്ഥാനത്തുടനീളം തുറന്നു പ്രവർത്തിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് 25% ഡിസ്കൗണ്ടിലാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. മരുന്നുകളുടെ വാങ്ങലും വിതരണവും കൂടുതൽ സുതാര്യമാക്കാൻ 5 മെഡിക്കൽ മൊത്ത വ്യാപാര ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു. സപ്ലൈകോ നടത്തി വരുന്ന മാർക്കറ്റ് ഇന്റെർവെൻഷൻ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തുന്നത്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 35-40 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് പ്രതിക്ഷിക്കുന്ന ചെലവ് 420 കോടി രൂപ, മുൻവർഷങ്ങളിലെ നഷ്ടം നികത്തുന്നതിലേക്കായി 500 കോടി രൂപ എന്നിങ്ങനെ പ്രസ്തുത ശീർഷകത്തിൽ ആകെ 920 കോടി രൂപ ആവശ്യമുണ്ട്. <u>അതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 670 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2408-01-102-96—വിശപ്പ് രഹിത കേരളം

ബഡ്ജറ്റ് വിഹിതം - 2 കോടി രൂപ (പ്ലാൻ)

13) നിർദ്ധനരായിട്ടുള്ളവർക്ക് ദിനം പ്രതി ഒരു നേരം 20 രൂപ നിരക്കിലും അതിന് കഴിയാത്തവർക്ക് സൗജന്യമായും ഭക്ഷണം ലഭ്യമാക്കുക എന്നലക്ഷ്യത്തോടെ 2017-2018 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി, 2025-26 സാമ്പത്തിക വർഷത്തോടെ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനായി നിലവിലുള്ള സുഭിക്ഷ ഹോട്ടലുകൾക്ക് പുറമെ കൂടുതൽ ഹോട്ടലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-190-92—സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കൽ

ബഡ്ജറ്റ് വിഹിതം - 5 കോടി രൂപ (പ്ലാൻ)

14) സംസ്ഥാനത്തൊട്ടാകെ സപ്ലൈകോയുടെ കീഴിലുള്ള 1635 ചില്ലറ വിൽപ്പന ശാലകളിൽ നിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുമുള്ളതുമായ സേവനം നൽകുക എന്ന ഉദ്ദേശത്തോടെ എല്ലാ വിൽപ്പന ശാലകളും കാലാനുസൃതമായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം വില്പനശാല നവീകരണത്തിനായി 59 വില്പനശാലകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനു പുറമെ മുൻ വർഷങ്ങളിൽ വില്പനശാല നവീകരണം നടത്തിയ വകയിൽ 9.02 കോടി രൂപ നിലവിൽ സപ്ലൈകോയ്ക്ക് ലഭിക്കുവാനുണ്ട്. അതിനാൽ, വില്പനശാല നവീകരണത്തിനായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 8.95 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-800-88—ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംയോജിത പദ്ധതി. (100% സി.എസ്.എസ്.)

ബഡ്ജറ്റ് വിഹിതം - ഇല്ല.

15) സംസ്ഥാന ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 100% കേന്ദ്ര വിഹിതമുള്ള പദ്ധതിയാണിത്. 1994-95 മുതൽ കേന്ദ്ര സർക്കാർ പദ്ധതി വിഹിതം സംസ്ഥാന സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും തുടർന്ന് തുക ഈ ശീർഷകത്തിലേക്ക്

അധികധനാനുമതിയായി വകയിരുത്തുകയുമാണ് ചെയ്തു വന്നിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാനപ്രകാരം ഫണ്ട് ട്രാൻസ്ഫർ സി.എൻ.എ. അക്കൗണ്ട് മുഖേന ആക്കിയിട്ടുള്ളതിനാൽ പദ്ധതിക്കായി പൊതു വിതരണ കമ്മീഷണറുടെ പേരിൽ സി.എൻ.എ. അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 1994-95 മുതൽ 2016-17 വരെയുള്ള കാലയളവിലേക്ക് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതമായ 10.5112 കോടി രൂപയിൽ നിന്നും ഇതുവരെ 10.0108 കോടി രൂപയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന കേന്ദ്ര വിഹിതമായ 50.04 ലക്ഷം രൂപ കൈമാറുന്നതിനുള്ള ശീർഷകം ബജറ്റിൽ ഉൾപ്പെടുത്തുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിലേക്ക് 50.04 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം - 31.71 കോടി രൂപ (പ്ലാൻ).

16) 2025-26 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക Capacity building/Workshop/Training for various Software Components, Mobile APP/Web Portal Development, K FON Implementation and other expenses, പൊതുവിതരണ വകുപ്പിന്റെ റേഷൻ കാർഡ് വിവരങ്ങൾ സൂക്ഷിക്കുന്ന പ്രധാന server-ന്റെ warranty കാലയളവ് കഴിഞ്ഞതിനാൽ AMC ഏർപ്പെടുത്തൽ, ബയോമെടിക് ഡിവൈസസ് ആൻഡ് ഈപോസ് മെഷീൻസ് എന്നീ പദ്ധതി ഘടകങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 13.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-77—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം.

ബഡ്ജറ്റ് വിഹിതം - 2 കോടി രൂപ (പ്ലാൻ).

17) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 77 താലൂക്ക് സപ്ലൈ ആഫീസുകളുടെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഈ ശീർഷകത്തിൽ 2025-26 വർഷത്തേക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും വകുപ്പിലെ 54 വാഹനങ്ങൾ 15 വർഷ കാലാവധി

നിയന്ത്രണം മൂലം കാലഹരണപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-75—സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാ കമ്മീഷനുകളും

ബഡ്ജറ്റ് വിഹിതം - 1.5 കോടി രൂപ (പ്ലാൻ)

18) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-74—പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ (IMPDS) സംയോജിത മാനേജ്മെന്റ് (100% സി.എസ്.എസ്.)

ബഡ്ജറ്റ് വിഹിതം - ഇല്ല.

19) IMPDS പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക തിരിച്ചടയ്ക്കുന്നതിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള അവസാനഘട്ട ഇൻസ്റ്റാൾമെന്റ് കൈമാറുന്നതിനായി 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-101-92—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം - 3.37 കോടി രൂപ (പ്ലാൻ)

20) ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക Weighing Machine Generator & Computers, CCTV for NFSA Godowns, ICT infrastructure and connectivity-Various offices including Commissionerate of Civil Supplies എന്നീ പദ്ധതി ഘടകങ്ങൾക്ക് അപര്യാപ്തമായതിനാൽ 5.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-103-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>
ബഡ്ജറ്റ് വിഹിതം - 1.3 കോടി രൂപ (പ്ലാൻ)

21) College of Indigenous Food Technology-ൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും, കോളേജിന്റെ നിലവാരം രാജ്യാന്തര തലത്തിലേക്ക് ഉയർത്തുന്നതിനുമായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ <u>1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

തിരുവനന്തപുരം,
2025 ഫെബ്രുവരി 27.

വി. എൻ. വാസവൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XI.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.